**സാങ്കേതിക പരീക്ഷാകൺട്രോളറുടെ കാര്യാലയം**

**കൈമനം, തിരുവനന്തപുരം**

**തീയതി: 17-06-2025**

**നം: ഡി1/5133/2023/സി.റ്റി.ഇ**

**<u>വിജ്ഞാപനം നമ്പർ: 24/2025</u>**

**<u>(മെഴ്സി ചാൻസ് പരീക്ഷ - റിവിഷൻ 2010)</u>**

വിഷയം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പരീക്ഷാ വിഭാഗം - ഡിപ്ലോമ പരീക്ഷകൾ (എഞ്ചിനീയറിംഗ് / ടെക്നോളജി / മാനേജ്മെന്റ് / കൊമേർഷ്യൽ പ്രാക്ടീസ്) [റിവിഷൻ 2010] മെഴ്സി ചാൻസ് - സംബന്ധിച്ച്.

സൂചന : 1. G.O (Rt) No. 697/2017/H Edn, dated 11.04.2017.

2. G.O (Rt) No. 368/2019/H.Edn, dated 07.03.2019.

3. G.O (Rt) No. 1269/2023/H.Edn, dated 17.08.2023.

**I.** മേൽ സൂചന (1) പ്രകാരം റിവിഷൻ 2010 സ്കീമിൽ വിവിധ പോളിടെക്നിക് കോളേജുകളിൽ ത്രിവത്സര ഡിപ്ലോമ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ കാലാവധി 8 വർഷമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം 2010-11 അധ്യയന വർഷത്തിൽ പ്രവേശനം നേടിയവരുടെയും അതിനുമുൻപ് നിലനിന്നിരുന്ന സ്കീമുകളിൽ നിന്നും 2010 റിവിഷൻ സ്കീമിലേക്ക് മാറ്റം നേടിയ വിദ്യാർത്ഥികളുടെയും രജിസ്ട്രേഷൻ കാലാവധി 2018 മാർച്ച് മാസത്തോടെ റദ്ദായിട്ടുള്ളതാണ്. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന, ഇതുവരെ ഡിപ്ലോമ വിജയിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് ഒരു മേഴ്സി ചാൻസ് കൂടി നൽകുവാൻ സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേഴ്സി ചാൻസ് പരീക്ഷക്ക് താഴെ പറയുന്ന നിബന്ധനയ്ക്ക് വിധേയമായി അപേക്ഷിക്കാവുന്നതാണ്.

1. 2010 റിവിഷൻ പ്രകാരം 2010, 2011, 2012, 2013 & 2014 വർഷങ്ങളിൽ പ്രവേശനം നേടിവർക്കും മറ്റ് റിവിഷനുകളിൽ നിന്നും 2010 റിവിഷനിലേക്ക് മാറ്റം നടത്തിയവർക്കും അപേക്ഷിക്കാവുന്നതാണ് (നിലവിൽ 2010 സ്കീമിൽ പെർമനെന്റ് രജിസ്ട്രേഷൻ നമ്പർ ഉള്ളവർ).

2. പോർട്ടൽ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾ **www.sbte.kerala.gov.in** എന്ന വെബ് പോർട്ടലിൽ Student Registration ചെയ്ത് പ്രൊഫൈൽ അപ്ഡേറ്റ് ചെയ്തതിന് ശേഷം ലോഗിൻ ചെയ്ത് പരീക്ഷാ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

3. ഓരോ അപേക്ഷകർക്കും പരീക്ഷ എഴുതേണ്ടതായ സപ്ലിമെന്ററി വിഷയങ്ങൾ എല്ലാം പ്രൊഫൈലിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പ് വരുത്തേണ്ടതാണ്. ഏതെങ്കിലും വിഷയം ലിസ്റ്റിൽ വന്നിട്ടില്ലായെങ്കിൽ സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളറുടെ ഓഫീസുമായി ബന്ധപ്പെട്ട് അപാകത പരിഹരിച്ചതിന് ശേഷം മാത്രമേ ഫീസ് അടച്ച് Registration Submit ചെയ്യുവാൻ പാടുള്ളു.

4. പരീക്ഷകൾ സംസ്ഥാനത്തെ 3 കേന്ദ്രങ്ങളിൽ (തിരുവനന്തപുരം, എറണാകുളം & കോഴിക്കോട് ജില്ലകൾ) വച്ചായിരിക്കും നടത്തപ്പെടുക. ഇവയിൽ പരീക്ഷാർത്ഥിക്ക് താല്പര്യമുള്ള ഒരു കേന്ദ്രം തെരഞ്ഞെടുക്കാവുന്നതാണ്. പരീക്ഷാ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. Central Polytechnic College, Vattiyoorkkavu, Thiruvananthapuram.
2. Government Polytechnic College, Kalamassery.
3. Kerala Government Polytechnic College, Kozhikode.

ഒരിക്കൽ തെരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രം പിന്നീട് യാതൊരു സാഹചര്യത്തിലും മാറ്റുവാൻ അനുവദിക്കുന്നതല്ല.

**<u>II. പരീക്ഷാ ഫീസ് സംബന്ധിച്ച വിവരങ്ങൾ</u>**

പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷാ ഫീസ് SBTE പോർട്ടൽ മുഖേന താഴെ പറയുന്ന വിധം അവരവരുടെ ലോഗിൻ ഉപയോഗിച്ച് ഓൺലൈനായി ഒടുക്കേണ്ടതാണ്.

മിനിമം 1000 രൂപ (1 മുതൽ 5 വിഷയങ്ങൾ വരെ) അഞ്ചിലധികം വിഷയങ്ങൾ സപ്ലിമെന്ററി പരീക്ഷ എഴുതുന്നവർ ഓരോ അധിക വിഷയത്തിനും 200 രൂപ നിരക്കിൽ അധികം ഫീസ് ഒടുക്കേണ്ടതാണ്.

പരീക്ഷയ്ക്ക് വിഷയങ്ങൾ തിരഞ്ഞെടുത്ത് ഫീസ് അടച്ചതിന് ശേഷം യാതൊരുവിധ മാറ്റങ്ങളും അനുവദനീയമല്ല.

**<u>III. പരീക്ഷാ രജിസ്ട്രേഷൻ - സമയക്രമം</u>**

പരീക്ഷയ്ക്കായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനും പരീക്ഷാ ഫീസ് ഒടുക്കുന്നതിനുമുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

**രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി** : 18.06.2025

**രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി** : 17.07.2025

**IV.** ഈ പ്രത്യേക മേഴ്സി ചാൻസ് പരീക്ഷ 2010 റിവിഷൻ പ്രകാരം പ്രവേശനം നേടുകയോ മറ്റ് റിവിഷൻ സ്കീമുകളിൽ നിന്ന് 2010 സ്കീമിലേക്ക് മാറ്റം നേടിയവരോ ആയ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷകൾ എഴുതുന്നതിനുള്ള അവസാന അവസരമായിരിക്കും. ഈ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുടർന്നും നിലനിർത്തുന്നതല്ല. ആയതിനാൽ, എല്ലാ സപ്ലിമെന്ററി വിഷയങ്ങളും പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**V** . പരീക്ഷയുടെ ടൈം ടേബിൾ **www.sbte.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**VI.** പരീക്ഷാ രജിസ്ട്രേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് **0471-2775440** എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയം ബന്ധപ്പെടാവുന്നതാണ്.

**Ray V V**
**JOINT CONTROLLER OF TECHNICAL EXAMINATIONS**

Signed by V V Ray
Date: 17-06-2025 13:56:35